RCS/ 2550/2020-സി.ബി.(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ,ഡി.പി.ഐ. ജംഗ്ഷൻ,
തിരുവനന്തപുരം-695 014
Website: cooperation.kerala.gov.in,
E-mail: keralarcs.coop@kerala.gov.in
Tel: 0471-2330726, 2331891,

തീയതി : **04.06.2020**

## സർക്കുലർ നമ്പർ – 53/2020

വിഷയം:- സഹകരണ വകുപ്പ് - കോവിഡ് 19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയ്ക്കുള്ള നബാർഡ് ധനസഹായം-Special Liquidity Facility(SLF) വിനിയോഗിച്ചുള്ള വായ്പ വിതരണം- മാർഗ്ഗ നിർദ്ദേശങ്ങൾ-ഭേദഗതി-സംബന്ധിച്ച്

പരാമർശം:- 1. സഹകരണ സംഘം രജിസ്ട്രാറുടെ 22.05.2020 തീയതിയിലെ 46/2020 നമ്പർ സർക്കുലർ
2. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 03.06.2020 തീയതിയിലെ RFD/SLF/347/2020-21 നമ്പർ കത്ത്

*****

കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായമേഖലയേയും(MSME)സജീവമായി നിലനിർത്തുന്നതിനായി നബാർഡിന്റെ Special Liquidity Facility(SLF) ധനസഹായം വിനിയോഗിച്ചുള്ള വായ്പ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പരാമർശം(1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി പദ്ധതി വായ്പയുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥകളിൽ പരാമർശം(2) പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ള സാഹചര്യത്തിൽ പരാമർശം(1) സർക്കുലറിലെ ഖണ്ഡിക(6), (7) എന്നിവയിൽ ഭേദഗതികൾ വരുത്തിയും ടി സർക്കുലറിലെ ഇതരവ്യവസ്ഥകൾ നിലനിർത്തിക്കൊണ്ടും ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പരാമർശം (1) സർക്കുലറിലെ ഖണ്ഡിക 6 ൽ വരുത്തുന്ന ഭേദഗതി

" 6. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ തുക 2,00,000/- രൂപയാണ്. ഒരു വർഷകാലാവധിയുള്ള ടി വായ്പയ്ക്ക് 6.80% നിരക്കിലാണ് പലിശ നിശ്ചയിച്ചിട്ടുള്ളത്. നബാർഡ് SLF വായ്പയിൻമേലുള്ള പലിശ 22.05.2020 മുതൽ 0.40% കുറവ് വരുത്തിയിട്ടുള്ളതിനാൽ പ്രസ്തുത തീയതി മുതൽ ടി വായ്പയുടെ പലിശ നിരക്ക് 6.40% ആയിരിക്കുന്നതാണ്. പലിശ അർദ്ധവാർഷിക അടിസ്ഥാനത്തിൽ(മാർച്ച്, സെപ്റ്റംബർ) ഈടാക്കുന്നതാണ്. മുതൽ തുക 03.05.2021-ന് മുമ്പ് ഒന്നായി തിരികെ അടയ്ക്കണം. കാലാവധി കഴിയുന്ന മുറയ്ക്ക് മുതൽ തുകയ്ക്ക് 2%

പിഴപലിശ ഈടാക്കുന്നതാണ്. ഈ പദ്ധതി പ്രകാരമുള്ള വായ്പകൾക്ക് മറ്റ് പലിശ സബ്സിഡികൾ ലഭിക്കുന്നതല്ല."

2. പരാമർശം (1) സർക്കുലറിലെ ഖണ്ഡിക 7 ൽ വരുത്തുന്ന ഭേദഗതി
   " 7. ഈ പദ്ധതി പ്രകാരമുള്ള വായ്പകൾ **15.06.2020-ന്** മുമ്പ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരിക്കേണ്ടതാണ്."
3. അതോടൊപ്പം കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, വ്യവസായം എന്നീ വകുപ്പുകൾ അർഹരാണെന്ന് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ അവരെ അംഗങ്ങളായി ചേർക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.
4. ഈ പദ്ധതി പ്രകാരം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേന ജില്ലയിൽ വിതരണം ചെയ്ത വായ്പകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്ന പ്രൊഫോർമയിൽ തയ്യാറാക്കി ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി കൺവീനറുടെ സാക്ഷ്യപ്പെടുത്തലോടുകൂടി 18.06.2020-ന് മുമ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുന്നതിന് അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസിലെ SC/ST വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നു.

ജില്ല .................                                                                                    (രൂപ കോടിയിൽ)

| SLF വായ്പാ പദ്ധതി പ്രകാരം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ വിതരണം ചെയ്ത വായ്പകളുടെ വിവരങ്ങൾ(മേഖല തിരിച്ച്) | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| കൃഷി | | ക്ഷീരവികസനം | | മൃഗസംരക്ഷണം | | ഫിഷറീസ് | | വ്യവസായം | | ആകെ | |
| വായ്പകളുടെ എണ്ണം | തുക | വായ്പകളുടെ എണ്ണം | തുക | വായ്പകളുടെ എണ്ണം | തുക | വായ്പകളുടെ എണ്ണം | തുക | വായ്പകളുടെ എണ്ണം | തുക | വായ്പകളുടെ എണ്ണം | തുക |
| | | | | | | | | | | | |

മേൽവിവരങ്ങൾ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ ബന്ധപ്പെട്ട സംഘങ്ങളെ അറിയിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**(ഒപ്പ്)**

**ഡോ. നരസിംഹഗരി. റ്റി.എൽ. റെഡ്ഡി ഐ.എ.എസ്.**
**സഹകരണ സംഘം രജിസ്ട്രാർ**

പകർപ്പ് :-
1) സെക്രട്ടറി, കേരള നിയമസഭ(ഉപരിപത്രം സഹിതം)
2) രജിസ്ട്രാർ, കേരള ഹൈക്കോടതി(ഉപരിപത്രം സഹിതം)

3) അഡീഷണൽ ചീഫ് സെക്രട്ടറി, കൃഷി വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
4) സെക്രട്ടറി, സഹകരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
5) പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
6) പ്രിൻസിപ്പൽ സെക്രട്ടറി, ക്ഷീരവികസനവും മൃഗസംരക്ഷണവും ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
7) പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
8) ചീഫ് ജനറൽ മാനേജർ, നബാർഡ്, കേരള റീജിയണൽ ആഫീസ്, തിരുവനന്തപുരം.
9) ഡയറക്ടർ, കൃഷിവകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
10) ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, പട്ടം, തിരുവനന്തപുരം.
11) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
12) ഡയറക്ടർ, വ്യവസായ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
13) ഡയറക്ടർ, ഫിഷറീസ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
14) സഹകരണ ആഡിറ്റ് ഡയറക്ടർ, ജവഹർ സഹകരണ ഭവൻ, തിരുവനന്തപുരം.
15) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
16) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
17) ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ ആഫീസുകൾക്കും
18) സെക്രട്ടറി, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് (ജില്ലാ ജോയിന്റ് രജിസ്ട്രാർ മുഖേന),
19) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
20) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
21) എഡിറ്റർ, സഹകരണവീഥി
22) വെബ്.സൈറ്റ്/ സ്റ്റോക്ക് ഫയൽ/ സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി.)